LIBRARY ARCHIVES Kerala Legislative Assembly

എയിഡഡ് സ്കൂളുകളിലെ അൺ എയിഡഡ് കോഴ്സുകൾ

348 [2407] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" തമ്പാനൂർ രവി:
" കെ. മോഹൻകുമാർ:
" കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എത്ര എയിഡഡ് സ്കൂളുകളിൽ അൺ എയിഡഡ് കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ എയിഡഡ് സ്കൂളുകളിൽ ഏതെല്ലാം അൺ എയിഡഡ് കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഓരോ എയിഡഡ് സ്കൂളിലും അനുവദിച്ചിട്ടുള്ള ഓരോ അൺ എയിഡഡ് കോഴ്സുകളിലും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 146 എയിഡഡ് സ്കൂളുകളിൽ 2002-ൽ അൺ എയിഡഡ് പ്ലസ്ടു കോഴ്സുകൾ അനുവദിച്ചു. നിലവിലുള്ള 522 എയിഡഡ് സ്കൂളുകളിൽ ഈ വർഷം ഓരോ അധിക ബാച്ചുകൂടി അനുവദിച്ചിട്ടുണ്ട്.

(ബി) സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ബാച്ചുകളിൽ ഏതെങ്കിലും ഒരു കോമ്പിനേഷൻ ആണ് 2002-ൽ അനുവദിച്ചത്. ഈ വർഷം അനുവദിച്ച ഓരോ ബാച്ചിലും കോമ്പിനേഷൻ തെരഞ്ഞെടുക്കാനുള്ള അവകാശം സ്കൂളുകൾക്കുതന്നെ നൽകിയിരിക്കുന്നു.

(സി) പ്രസ്തുത സ്കൂളുകളിൽ ഒരു ബാച്ചിൽ 50 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. 2004-2005 സ്കൂൾ വർഷത്തിൽ 30 ശതമാനം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം രേഖപ്പെടുത്തി നൽകുന്നതാണ്.

ഹൈസ്കൂളിൽ ജോലി ചെയ്യുന്ന സൂസ എബ്രഹാമിന് 1999-2000 വർഷത്തിലെ ബോണസ് നൽകുന്നതിന് നടപടി

349 [2408] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കറ്റാനം പള്ളിക്കൽ സി.എം.എസ്. ഹൈസ്കൂളിൽ ജോലി ചെയ്യുന്ന സൂസ എബ്രഹാമിന് 1999-2000 വർഷത്തിൽ ബോണസിന് അർഹത ഉണ്ടായിട്ടും ഫെസ്റ്റിവൽ അലവൻസ് മാത്രമാണ് ലഭിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പരാതിയിൻമേൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വ്യക്തിക്ക് 1999-2000 വർഷത്തെ ബോണസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ഇതു സംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ബധിര-മൂക സ്പെഷ്യൽ സ്കൂളുകൾ

350 [2409] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബധിര-മൂകർക്ക് വേണ്ടി എത്ര സ്പെഷ്യൽ സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സർക്കാർ സ്കൂൾ എത്രയെന്നും എയിഡഡ് സ്ഥാപനങ്ങൾ എത്രയെന്നും പൂർണ്ണമായും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയെത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എതൊക്കെ വിധത്തിലുള്ള സഹായങ്ങളും ആനുകൂല്യങ്ങളും നൽകുന്നുണ്ട്;

(ഡി) ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്കൂളുകളിൽ പ്ലസ്ടു കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നിലവിലുണ്ട്;

(എഫ്) ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എത്രയാണ്;

(എച്ച്) ഇത്തരം ആനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകാത്ത സ്കൂളുകളുടെ പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly